(ബി) ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കും, ഏതൊക്കെ ആദിവാസി കോളനികൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കും ;

(സി) ഈ പദ്ധതി എന്നു കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഇതു പൂർത്തീകരിക്കുവാൻ താമസിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിലെ കൂടൽ പദ്ധതി സ്റ്റേജ് 1-ന്റെ പണി 1/88-ൽ പൂർത്തിയാക്കി പമ്പിംഗ് നടന്നുവരുന്നു. സ്റ്റേജ് 2-ന്റെ പണി പൂർത്തിയായിട്ടില്ല. പമ്പു സെറ്റുകളുടെ സ്ഥാപനവും, വയറിംഗും പൂർത്തിയാക്കാനുണ്ട്. വൈദ്യുതി കണക്ഷന് വൈദ്യുതി ബോർഡിൽ പണം അടച്ചിട്ടുണ്ട്.

(ബി) കൂടൽ സ്റ്റേജ് 1 പ്രകാരം 70.80 ഹെക്ടർ സ്ഥലത്തും കൂടൽ സ്റ്റേജ് 2 പ്രകാരം 182 ഹെക്ടർ സ്ഥലത്തും ജലസേചനം നടത്തുവാൻ കഴിയുന്നതാണ്. ഈ പദ്ധതി ജനറൽ സ്ക്കീമിൽ പെട്ടതായതിനാൽ ആദിവാസികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(സി) ഈ സാമ്പത്തിക വർഷം അവസാനത്തോടെ പണികൾ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എച്ച്.റ്റി. കണക്ഷൻ ലഭിച്ചാലുടൻ തന്നെ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എച്ച്.റ്റി. കണക്ഷൻ ലഭിക്കാത്ത കാരണമാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ താമസിക്കുന്നത്.

മൈനർ ഇറിഗേഷൻ പദ്ധതികൾ

84 (1996) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണി പൂർത്തിയാകാത്ത എത്ര മൈനർ ഇറിഗേഷൻ പദ്ധതികൾ ഉണ്ട് ;

(ബി) ഇവയുടെ പണി പുരോഗമിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വർക്കുകളിൽ പണി പൂർത്തിയാകാനുള്ള 123 മൈനർ ഇറിഗേഷൻ പദ്ധതികളുണ്ട്.

(ബി & സി) ഇവയിൽ 83 എണ്ണത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ബാക്കി 40 പണികൾ പുരോഗതി കൈവരിക്കാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു. കരാറുകാരന്റെ ഉദാസീനതമൂലം 4 പണികൾ മന്ദഗതിയിലായി. മൈനർ ഇറിഗേഷന്റെ ലിഫ്റ്റ് ഇറിഗേഷൻ വിഭാഗത്തിൽ പമ്പും മോട്ടോറും ലഭിക്കാനും വൈദ്യുതീകരണത്തിനുമുള്ള താമസംമൂലം 19 പദ്ധതികൾ മന്ദഗതിയിലായി. പ്രിമോ പൈപ്പ് ലഭിക്കാത്തതുകാരണം 2 പദ്ധതികളുടേയും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേ കാരണം ഒരു പദ്ധതിയുടേയും റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതി ലഭിക്കാത്തതുകൊണ്ട് 12 പദ്ധതികളുടേയും സ്ഥലം സംബന്ധമായ തർക്കംമൂലം 2 പദ്ധതികളുടേയും പണി പുരോഗമിച്ചിട്ടില്ല.

85 (1997) ആറാട്ടുപുഴ ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നമ്പർ-II പമ്പ് പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പമ്പ് പ്രവർത്തിക്കാത്തതിന്റെ ഭാഗമായി ആറാട്ടുപുഴ - മാലക്കര പ്രദേശത്തെ 20 ഹെക്ടർ ഭാഗത്ത് പുഞ്ചക്കൃഷി ചെയ്യാൻ കഴിയുന്നില്ല എന്ന് അറിയാമോ ;

(സി) വളരെയേറെ കർഷകരെ ദോഷകരമായി ബാധിക്കുന്ന ഈ സ്ഥിതിവിശേഷം ഒഴിവാക്കി എത്രയും പെട്ടെന്ന് പമ്പ് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി) പമ്പിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട്

86 (1998) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ നിയോജകമണ്ഡലത്തിലാണ് ഇപ്രകാരം നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത് ;

(സി) ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ എണ്ണവും, ഇതിന് ഓരോന്നിനും ചെലവാക്കുന്ന തുകയും വെളിപ്പെടുത്തുമോ ;

(ഡി) കനാലിന്റെ നിർമ്മാണത്തോടെ യാത്രാസൗകര്യം ഇല്ലാതായ സ്ഥലങ്ങളിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് റോഡുകൾ നിർമ്മിച്ചുകൊടുക്കുമോ എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly